പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T 5807

03.11.2016-ൽ മറുപടിക്ക്.

## സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ ശമ്പളം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റോജി എം. ജോൺ | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ ശമ്പളം ഉയർത്തുന്നത് സംബന്ധിച്ച സുപ്രീംകോടതി വിധിയിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (എ) ട്രെയിൻഡ് നഴ്സസ് അസോസിയേഷൻ ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്ത WP(C) 527/11 കേസിലെ 29.01.16 ലെ ഉത്തരവ് പ്രകാരം സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ ശമ്പളം ഉയർത്തുന്നതടക്കമുള്ള വിവിധ വിഷയങ്ങൾ പരിഗണിക്കുന്നതിനായി ഒരു കമ്മിറ്റിയെ നിയോഗിക്കുന്നതിന് ബഹു: സുപ്രീംകോടതി നിർദ്ദേശം നൽകിയിരുന്നു. ആയതിൻ പ്രകാരം 24/2/16-ലെ Z-29011/15/13 -N ഉത്തരവ് പ്രകാരം കേന്ദ്ര സർക്കാർ കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മറ്റി ഇതു സംബന്ധിച്ച ശുപാർശ കേന്ദ്രസർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ കുറഞ്ഞ ശമ്പളം പ്രതിമാസം 20000 രൂപയായി വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ അടിയന്തര നടപടി കൈക്കൊള്ളുമോ? | (ബി) കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച കത്ത് പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ